(ഇ) ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്.

(എഫ്) നടപടി സ്വീകരിച്ചുവരുന്നു.

അർബുദ 'പഠനവിഭാഗം' സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയ ധനസഹായം

161 [2654] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അർബുദ പഠനവിഭാഗം സ്ഥാപിക്കുവാൻ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക ഇതേവരെ ചെലവഴിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത തുക ഉദ്ദേശിച്ച കാര്യത്തിന് ചെലവഴിക്കാതെ വകമാറ്റി ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇതിനായി കേന്ദ്രസർക്കാർ 1.80 കോടി രൂപ ധനസഹായം അനുവദിച്ചിരുന്നു.

(ബി ആന്റ് സി) കോബാൾട്ട് തെറാപ്പി മിഷ്യൻ, റേഡിയേഷൻ മോണിറ്ററിംഗ് കാലിബറേഷൻ കമ്പ്യൂട്ടറൈസ്ഡ് ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം എന്നീ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 1,79,82,670 രൂപ ചെലവഴിച്ചു.

(ഡി) വകമാറ്റി ചെലവഴിച്ചിട്ടില്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒഴിഞ്ഞുകിടക്കുന്ന കാർട്ടേഴ്സുകൾ

162 [2655] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ കാർട്ടേഴ്സുകൾ ഉപയോഗയോഗ്യമല്ലാതായി നശിച്ചുപോകുന്നതും അനാശാസ്യ പ്രവർത്തനങ്ങളുടെ കേന്ദ്രമായി മാറുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര കാർട്ടേഴ്സുകളാണ് ഇവിടെയുള്ളത്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നു;

(സി) ഏതുവർഷം മുതലാണ് ഈ കാർട്ടേഴ്സുകൾ ഒഴിഞ്ഞുകിടക്കുന്നത്;

(ഡി) കാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ക്വാർട്ടേഴ്സുകൾ ഇപ്രകാരം ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് 2000 മുതൽ ഇതേവരെ സർക്കാരിന് വാടകയിനത്തിൽ എത്രരൂപ നഷ്ടമുണ്ടായിട്ടുണ്ട്;

(എഫ്) ടീച്ചിംഗ് സ്റ്റാഫിൽനിന്നും അപേക്ഷകരില്ലാത്ത സ്ഥിതിക്ക് ഈ ക്വാർട്ടേഴ്സുകൾ നോൺ ടീച്ചിംഗ് സ്റ്റാഫിലെ വെയിറ്റിംഗ് ലിസ്റ്റിലെ അപേക്ഷകർക്ക് മാറ്റി നൽകാൻ നടപടി സ്വീകരിക്കാമോ;

(ജി) ഇങ്ങനെ മാറ്റി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; രണ്ട് കാറ്റഗറികളിൽനിന്നും വെയിറ്റിംഗ് ലിസ്റ്റിൽ എത്ര അപേക്ഷകരാണുള്ളത്;

(എച്ച്) ക്വാർട്ടേഴ്സുകളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഐ) പ്രസ്തുത ക്വാർട്ടേഴ്സുകൾ അപേക്ഷകർക്ക് അനുവദിച്ച് സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്വാർട്ടേഴ്സുകൾക്ക് കേടുപാടുകൾ സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെടുമ്പോൾ പൊതുമരാമത്തുവകുപ്പുമായി ബന്ധപ്പെട്ട് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. അനാശാസ്യകേന്ദ്രമായി മാറുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 228 ക്വാർട്ടേഴ്സുകളാണ് ഇവിടെ ഉള്ളത്. ഇതിൽ 23 എണ്ണം ഒഴിഞ്ഞുകിടക്കുന്നു.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.†

(ഡി) നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായാണ് ക്വാർട്ടേഴ്സുകൾ അനുവദിക്കുന്നത്.

(ഇ) നഷ്ടം തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ് ആന്റ് ജി) നിലവിലുള്ള ചട്ടങ്ങൾ ഇതിന് അനുവദിക്കുന്നില്ല. ടീച്ചിംഗ് വിഭാഗത്തിൽനിന്നും വെയിറ്റിംഗ് ലിസ്റ്റിൽ ആരും ഇല്ല. നോൺ ടീച്ചിംഗ് (പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ, ലാസ്റ്റ്ഗ്രേഡ്) വിഭാഗങ്ങളിൽ വിവിധ വിഭാഗം ക്വാർട്ടേഴ്സുകൾക്ക് അർഹതയുള്ള 312 അപേക്ഷകൾ ഉണ്ട്.

(എച്ച് ആന്റ് ഐ) പൊതുമരാമത്ത് വകുപ്പുമുഖേന അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ക്വാർട്ടേഴ്സുകളുടെ പണി നടന്നുവരുന്നു. ചില നിബന്ധനകൾക്ക് വിധേയമായി താഴ്ന്ന വിഭാഗം ക്വാർട്ടേഴ്സുകൾക്ക് അർഹതയുള്ള ജീവനക്കാരിൽനിന്നും ഉയർന്ന വിഭാഗം ക്വാർട്ടേഴ്സുകൾക്ക് (ഡി വിഭാഗം ഒഴികെ) അപേക്ഷ ക്ഷണിച്ച് മുൻഗണനാക്രമത്തിൽ അനുവദിക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly